തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ട ആളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കപോക്ക് അനുസരിച്ചുള്ള കണക്കോ ഏതാണോ കൂടുതൽ അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് വേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദരിദ്ര കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ഡി) ഒൻപതാം പദ്ധതിയ്ക്കായി നടത്തിയ ദാരിദ്ര്യരേഖാ സെൻസസ് അനുസരിച്ച് ഗ്രാമപ്രദേശങ്ങളിലെ 36.56 ശതമാനം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. പത്താം പദ്ധതിക്കാലത്തേയ്ക്ക്വേണ്ടി ശേഖരിച്ച സെൻസസ് ഫോറങ്ങളിലെ വിവരങ്ങൾ കംപ്യൂട്ടറൈസ് ചെയ്ത് കഴിഞ്ഞാൽ മാത്രമേ നിലവിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെ എത്ര ശതമാനം പേരുണ്ടെന്ന് വെളിപ്പെടുത്താൻ കഴിയുകയുള്ളൂ.

ഓഫീസുകളിൽ പരിശോധന നടത്തുന്നതിനുള്ള അനുമതി

*22 [172] ശ്രീ. മഞ്ഞളാംകുഴി അലി:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. കെ. ജയചന്ദ്രൻ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് ഏതെങ്കിലും വിദേശ ഏജൻസികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കുമായുള്ള കരാറിൽ സംസ്ഥാന സർക്കാർ ഓഫീസുകളിൽ പരിശോധനയ്ക്കുള്ള അനുമതി വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഡി.പി.ഐ. ഓഫീസ് ഉൾപ്പെടെ വിവിധ ഓഫീസുകളിൽ പരിശോധനക്ക് എ.ഡി.ബി. ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയത് ആരാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഇല്ല. എന്നാൽ ചില സെക്രട്ടറിമാരും വകുപ്പ് തലവൻമാരുമായി ചർച്ച നടത്തുവാൻ അനുവദിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരാറനുസരിച്ച് സർക്കാർ ഓഫീസുകൾ പരിശോധിക്കാൻ വ്യവസ്ഥയില്ല. എന്നാൽ കരാർ പ്രകാരം ബാങ്കിന്റെ പ്രതിനിധികളെ ബാങ്കിന്റെ വായ്പ ഉപയോഗിച്ച് നടപ്പിലാക്കുന്ന പരിപാടികളുടെ രേഖകൾ പരിശോധിക്കാൻ അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ഡി) ഉദിക്കുന്നില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പാർലമെന്ററി പാർട്ടി വിപ്പ് തെരഞ്ഞെടുപ്പ്

*23 [173] ശ്രീ. കെ. പി. വിശ്വനാഥൻ:
,, എം. മുരളി:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പാർലമെന്ററി പാർട്ടി വിപ്പ് തെരഞ്ഞെടുപ്പ് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടിക്രമമെന്തെന്ന് വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) 2000-ലെ കേരള തദ്ദേശഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങളിലെ 4-ാം ചട്ടത്തിൽ രാഷ്ട്രീയ കക്ഷിയോ സഖ്യമോ അതിലുൾപ്പെട്ട അംഗത്തിന് നിർദ്ദേശം നൽകേണ്ടവിധം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിരിക്കുന്നു. (ചട്ടം 4-ന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്)†

(ബി) വിപ്പിന്റെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

അന്വേഷണ വിചാരണകൾ ഉടനടി പൂർത്തിയാക്കുന്നതിന് നടപടി

*24 [174] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കുന്നതിന് പരമാവധി എത്രകാലം അനുവദിക്കാറുണ്ട്;

(ബി) ആംഡ് പോലീസ് ബറ്റാലിയനിൽ എത്ര എസ്.ഐ. മാർക്കെതിരായ അച്ചടക്ക നടപടിയോടനുബന്ധിച്ചുള്ള അന്വേഷണ വിചാരണ ആറ് വർഷത്തിലേറെ ആയിട്ടും പൂർത്തിയാക്കാതെയുണ്ട് എന്ന് വ്യക്തമാക്കുമോ;

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly